# കേരള സർക്കാർ

(സംഗ്രഹം)

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പത്താം പഞ്ചവത്സര പദ്ധതി – അക്ഷയ കമ്പ്യൂട്ടർ പരിപാടി – മലപ്പുറം ജില്ല – മാർഗ്ഗരേഖ അംഗീകരിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു:–

ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്

ജി. ഒ. (എം. എസ്സ്) നമ്പർ. 1/2003 പ്ലാനിംഗ് തിരുവനന്തപുരം, 2003, ജനുവരി, 3

പരാമർശം: 06–06–2002ലെ ജി.ഒ.(എം.എസ്സ്)20/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്

## ഉത്തരവ്

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പത്താം പഞ്ചവത്സര പദ്ധതി രേഖയും പ്രോജക്ടുകളും തയ്യാറാക്കുന്നതിനും അംഗീകാരം നേടുന്നതിനും ഉള്ള വിശദമായ മാർഗ്ഗരേഖ പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

2. വിവര സാങ്കേതിക മിഷന് ആഭിമുഖ്യത്തിൽ മലപ്പുറം ജില്ലയിൽ നടപ്പാക്കുന്ന അക്ഷയ കമ്പ്യൂട്ടർ പരിപാടി ആ ജില്ലയിലെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും സംയുക്ത പരിപാടിയായി ഏറ്റെടുക്കുവാൻ നിർദ്ദേശം നൽകാവുന്നതാണെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

3. കോർഡിനേഷൻ സമിതിയുടെ നിർദ്ദേശങ്ങൾ ഗവൺമെൻറ് വിശദമായി പരിശോധിച്ച്, വിവരസാങ്കേതിക മിഷന്റെ (ഇൻഫർമേഷൻ ടെക്നോളജി മിഷൻ) ആഭിമുഖ്യത്തിൽ മലപ്പുറം ജില്ലയിൽ നടപ്പാക്കുന്ന അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പരിപാടി ജില്ലയിലെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും സംയുക്തമായി ഏറ്റെടുക്കേണ്ടതാണെന്ന് ഉത്തരവാകുന്നു. ആ പ്രോജക്ട് സംബന്ധിച്ച മാർഗ്ഗ രേഖ ചുവടെ നൽകുന്നു.

3.1. മലപ്പുറം ജില്ലയിലെ വിവിധതലത്തിലെ തദ്ദേശ സ്ഥാപനങ്ങളുടെ സംയുക്ത സംരംഭമാണെങ്കിലും ഗ്രാമ പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും പൂർണ്ണ ചുമതല യിലാണ് അക്ഷയ കമ്പ്യൂട്ടർ പ്രോജക്ട് നടപ്പിലാക്കേണ്ടത്.

3.2. കമ്പ്യൂട്ടർ സാക്ഷരതാ പരിശീലനത്തിന്റെ ചെലവ് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്ന് വഹിക്കാവുന്നതാണ്.

3.3 പരിശീലന ചെലവിന് ഒരു കുടുംബത്തിന് ആകെ 120 രൂപ നിരക്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സംയുക്തമായി വകയിരുത്താവുന്നതാണ്. അതുപ്രകാരം ഓരോ

കുടുംബത്തിനും ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി 80 രൂപ വീതവും ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും 20 രൂപ വീതവും മാറ്റി വയ്ക്കേണ്ടതാണ്.

3.4. ഈ പരിപാടിക്ക് ഒരു തദ്ദേശ സ്ഥാപനം ആകെ വകയിരുത്തേണ്ടുന്ന വിഹിതത്തിന്റെ 60 ശതമാനം 2002-2003 വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും 40 ശതമാനം 2003-2004 വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും നൽകാവുന്നതാണ്.

3.5. പട്ടികജാതി കുടുംബങ്ങളുടെ പരശീലന ചെലവ് പ്രത്യേക ഘടക പ ദ്ധതി വിഹിതത്തിൽ നിന്നും പട്ടികവർഗ്ഗക്കാർക്കും പൊതു വിഭാഗത്തിലും ഉള്ള കുടുംബങ്ങൾക്ക് വേണ്ടി വരുന്ന ചെലവ് പൊതു വിഭാഗം പദ്ധതി വിഹിതത്തിൽ നിന്നും വഹിക്കാവുന്നതാണ്.

3.6. തദ്ദേശ ഭരണ സ്ഥാപനങ്ങൾ പരിശീലനത്തിനു വേണ്ടി വകയിരുത്തുന്ന തുക സേവന മേഖലയിൽ ഉൾപ്പെടുത്തേണ്ടത്താണ്.

3.7. പരിശീലനം നൽകുന്നതിനുള്ള കമ്പ്യൂട്ടർ സെന്ററുകൾ തെരഞ്ഞെടുക്കുന്നതും അവയുടെ സ്ഥാനം (Locatio) നിർണ്ണയിക്കുന്നതും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ/ മുനിസിപ്പാലിറ്റിയുടെ ചുമതലയിൽ ആയിരിക്കണം.

3.8. വിവര സാങ്കേതിക വകുപ്പ് (ഇൻഫർമേഷൻ ടെക്നോളജി ഡിപ്പാർട്ട്മെന്റ്) പരിശീലന സിലബസും കൈപ്പുസ്തകങ്ങളും തയ്യാറാക്കി വിതരണം ചെയ്യുന്നതും കമ്പ്യൂട്ടർ ബോധവത്കരണ പ്രചാരണ പരിപാടി സംഘടിപ്പിക്കുന്നതുമാണ്.

3.9. അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തുന്നതിന് മലപ്പുറം ജില്ലയിലെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ഭരണ സമിതി തീരുമാന പ്രകാരം 2002-2003 ലെ അംഗീകാരം ലഭിച്ച പദ്ധതി രേഖയിലും പ്രോജക്ടുകളും ഭേദഗതി വരുത്താവുന്നതാണ്. ഇതു പ്രകാരമുള്ള ഭേദഗതികൾ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ച് സാധൂകരണം വാങ്ങേണ്ടതാണ്.

3.10. അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പരിപാടിയുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിന് ചുവടെ സൂചിപ്പിക്കുന്ന സംസ്ഥാനതല മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നു.

(1) പ്രിൻസിപ്പിൽ സെക്രട്ടറി, ഗ്രാമ വികസനം
(2) സെക്രട്ടറി, തദ്ദേശ സ്വയം ഭരണം (റൂറൽ)
(3) സെക്രട്ടറി, തദ്ദേശ സ്വയം ഭരണം (അർബൻ)
(4) സെക്രട്ടറി, ആസൂത്രണം
(5) സെക്രട്ടറി, വിവര സാങ്കേതികം

വിവരസാങ്കേതിക വകുപ്പ് സെക്രട്ടറി സമിതിയുടെ കൺവീനർ ആയിരിക്കുന്നതാണ്

4. പരാമാർശത്തിലെ സർക്കാർ ഉത്തരവ് ഇപ്രകാരം ഭേദഗതി ചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

എസ്. എം. വിജയാനന്ദ്
സെക്രട്ടറി (ആസൂത്രണം)

1. പഞ്ചായത്ത് ഡയറക്ടർ
2. ഗ്രാമ വികസന കമ്മീഷണർ
3. മുനിസിപ്പൽ ഭരണ ഡയറക്ടർ
4. പ്രിൻസിപ്പൽ സെക്രട്ടറി, ഗ്രാമവികസനം
5. സെക്രട്ടറി, തദ്ദേശ സ്വയം ഭരണം (Rural)
6. സെക്രട്ടറി, തദ്ദേശ സ്വയം ഭരണം (Urban)
7. സെക്രട്ടറി, വിവര സാങ്കേതിക വകുപ്പ്
8. മറ്റ് എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
9. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
10. ഡയറക്ടർ, പബ്ലിക്ക് റിലേഷൻസ് വകുപ്പ് (അടിയന്തിര പത്രക്കുറിപ്പിന്)
11. മലപ്പുറം ജില്ലാ ആസൂത്രണ സമിതി പ്രസിഡന്റ്
12. മലപ്പുറം ജില്ലാ കളക്ടർ (ജില്ലാ ആസൂത്രണ സമിതി സെക്രട്ടറി)
13. മലപ്പുറം ജില്ലായിലെ എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
14. മലപ്പുറം ജില്ലയിലെ എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
15. മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനും സെക്രട്ടറിക്കും
16. മലപ്പുറം ജില്ലയിലെ എല്ലാ മുനിസിപ്പാലിറ്റികളിലെയും ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
17. മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസർ

***പകർപ്പ്:***

1. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്
2. തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ഗ്രാമ വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. വ്യവസായ –വിവര സാങ്കേതിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
5. മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
6. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ
7. മെമ്പർ, സംസ്ഥാന ആസൂത്രണ ബോർഡ്
8. ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറിക്ക്
9. വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി അംഗങ്ങൾക്ക്
10. തദ്ദേശസ്വയം ഭരണ വകുപ്പ്
11. ഗ്രാമ വികസന വകുപ്പ്
12. വിവര സാങ്കേതിക വകുപ്പ്
13. ആസൂത്രണ വകുപ്പ്